പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1780 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ഫാമിലി കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എംവി.ശ്രേയാംസ് കുമാർ<br>" റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഫാമിലി കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ അന്വേഷണ ഉദ്യോഗസ്ഥർ ഫാമിലി കൗൺസലിംഗ് സെന്ററുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. |
| (ബി) മാറി വരുന്ന സാമൂഹിക - സാംസ്കാരിക സാഹചര്യങ്ങളിൽ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | (ബി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും കൗൺസലിംഗ് സെന്ററുകളിൽ വരുന്ന കേസുകൾ കൗൺസലിംഗിനു ശേഷം മദ്യപാനവുമായി ബന്ധപ്പെട്ട കേസുകളാണെങ്കിൽ അവരെ ലഹരിവിമുക്ത കേന്ദ്രങ്ങളിൽ വിടുകയും, മാനസിക പ്രശ്നങ്ങളുമായി വരുന്നവർക്ക് മനോരോഗ വിദഗ്ധരുടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും, ഗാർഹിക അതിക്രമങ്ങളിൽ ഇരയായിവരുന്നവർക്ക് സൗജന്യ നിയമസഹായവും ആവശ്യമെങ്കിൽ താൽക്കാലിക സൗജന്യതാമസം, ഭക്ഷണം, വൈദ്യസഹായം എന്നിവ ഷോർട്ട് സ്റ്റേ ഹോം/ ഷെൽട്ടർ ഹോം വഴിയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ